**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് 2017-18 – പ്രാദേശിക സർക്കാരുകൾ - ആസ്തികളുടെ സംരക്ഷണം - 2016-17 സാമ്പത്തിക വർഷം ട്രഷറിയിൽ സമർപ്പിച്ചതും ക്യൂ സിസ്റ്റത്തിൽ നിലനിൽക്കുന്നതുമായ ബില്ലുകൾ മാറുന്നതിനുള്ള റോഡ്/റോഡിതര സംരക്ഷണ ഫണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ – എ) വകുപ്പ്**

സ.ഉ.(സാധാ) നം.6389/2017/ധന. തീയതി, തിരുവനന്തപുരം, 11 ആഗസ്റ്റ് 2017

---

പരാമർശം. 1) സ.ഉ. (അ)നം.177/2006/ധന തീയതി 12/04/2006
2) സ.ഉ.(അ) നം.202/2011/ധന തീയതി 30/04/2011
3) സ.ഉ.(അ)നം.119/2015/ധന തീയതി.21/03/2015
4) സ.ഉ.(അ) നം.56/2017/ധന തീയതി. 01/02/2017.
5) സ.ഉ.(സാധാ) നം. 3689/2017/ധന തീയതിഃ 28/04/2017
6) സ.ഉ.(സാധാ) നം.4318/2017/ധന തീയതിഃ 23/05/2017
7) സ.ഉ.(സാധാ) നം.4326/2017/ധന തീയതിഃ 23/05/2017
8) സ.ഉ.(സാധാ) നം.4522/2017/ധന തീയതിഃ 01/06/2017
8) ട്രഷറി ഡയറക്ടറുടെ 06/072017 ലെ ഇ 2-8331/2017 കത്ത്

**<u>ഉത്തരവ്</u>**

മേൽ പരാമർശം (3) പ്രകാരം പ്രാദേശിക സർക്കാരുകൾക്കുള്ള ആസ്തികളുടെ സംരക്ഷണത്തിനായുള്ള ഫണ്ട് 3 ഗഡുക്കളായിട്ടാണ് അനുവദിച്ചു വരുന്നത്. 2015-16 സാമ്പത്തിക വർഷം ഡിപിസി അംഗീകരിച്ചതും നിബന്ധനകൾക്കു വിധേയമായി സ്പിൽ ഓവർ ആയി കണക്കാക്കിയിട്ടുള്ള പദ്ധതികളുടെ ബില്ലുകൾ 2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും പരാമർശം (4) പ്രകാരം പിൻവലിക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. നിബന്ധനകൾക്കു വിധേയമായി 2015-16 ലും 2016-17 ലും ഡിപിസി അംഗീകരിച്ചതും നിർമ്മാണം/നടപടികൾ പൂർത്തിയാക്കി ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതും 31/03/2017 ൽ പണം പിൻവലിക്കാൻ കഴിയാതെ ട്രഷറി ക്യൂ സിസ്റ്റത്തിൽ നിലനിൽക്കുന്നതുമായ ബില്ലുകൾ സ്പിൽ ഓവർ പ്രോജക്ടുകളായി കണക്കാക്കി പണം മാറ്റി നൽകുന്നതിന് പരാമർശം (5) പ്രകാരം സർക്കാർ ഉത്തരവ് നൽകിയിരുന്നു (ഭേദഗതി വരുത്തിയ സ.ഉ.(സാധ ാ)നം.3631/2017/ധന തീയതിഃ 25/04/2017).

2) പ്രാദേശിക സർക്കാരുകളുടെ ക്യൂ സിസ്റ്റത്തിൽ നിൽക്കുന്ന ബില്ലുകളുടെ തുക സംബന്ധിച്ച് ട്രഷറി ഡയറക്ടർ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ പരാമർശം (8) പ്രകാരം 25,81,54,645/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ പരാമർശം (9) പ്രകാരം ക്യൂവിലേക്ക് മാറ്റപ്പെട്ടതും അലോട്ട്മെന്റ് ലഭിക്കാത്തതുമായ പ്രാദേശിക സർക്കാരുകളുടെ ബില്ലുകളുടെ കണക്ക് സമർപ്പിച്ചിട്ടുണ്ട്. പരാമർശം (6), (7) എന്നിവ പ്രകാരം യഥാക്രമം 33.55 കോടി രൂപയും 57.83 കോടി രൂപയും റോഡിതര/ റോഡ്

സംരക്ഷണത്തിനായി അധിക ധനവിനിയോഗാനുമതിയായി അനുവദിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

i. **₹95,79,347/- (തൊണ്ണൂറ്റിയഞ്ച് ലക്ഷത്തി എഴുപത്തിഒൻപതിനായിരത്തി മുന്നൂറ്റി നാല്പത്തി ഏഴ് രൂപ മാത്രം)** രൂപ റോഡ് സംരക്ഷണ ഫണ്ടിനത്തിൽ 2016-17 സാമ്പത്തിക വർഷം ട്രഷറിയിൽ സമർപ്പിച്ചതും ക്യൂ സിസ്റ്റത്തിൽ നിലനിൽക്കുന്നതുമായ ബില്ലുകൾ മാറുന്നതിന് അധിക ധനവിനിയോഗ അനുമതിയായി അനുബന്ധത്തിൽ (1മുതൽ 3വരെ) പറഞ്ഞിരിക്കുന്ന പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

ii. **₹58,41,507/- (അൻപത്തിയെട്ട് ലക്ഷത്തി നാൽപത്തൊന്നായിരത്തി അഞ്ഞൂറ്റി ഏഴ് രൂപ മാത്രം**) രൂപ റോഡിതര സംരക്ഷണ ഫണ്ടിനത്തിൽ 2016-17 സാമ്പത്തിക വർഷം ട്രഷറിയിൽ സമർപ്പിച്ചതും ക്യൂ സിസ്റ്റത്തിൽ നിലനിൽക്കുന്നതുമായ ബില്ലുകൾ മാറുന്നതിന് അധിക ധനവിനിയോഗ അനുമതിയായി അനുബന്ധത്തിൽ (1മുതൽ 3വരെ) പറഞ്ഞിരിക്കുന്ന പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

iii. ഇത് അലോട്ട്മെന്റ് ലെറ്ററായി കണക്കാക്കേണ്ടതാണ്.

iv. ട്രഷറി ഡയറക്ടർ ഈ ഉത്തരവിന്റെ പകർപ്പ് ട്രഷറി ഇൻട്രാനെറ്റ് വഴി എല്ലാ ജില്ലാ/സബ് ട്രഷറി ഓഫീസർമാർക്കും ലഭ്യമാക്കേണ്ടതാണ്.

v. പിൻവലിക്കേണ്ടുന്ന തുക ഏതു ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നാണെന്നുള്ളത് അനുബന്ധത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

vi. പ്രാദേശിക സർക്കാരുകളുടെ കഴിഞ്ഞ വർഷത്തെ അക്കൗണ്ട് ട്രഷറി കണക്കുകളുമായി റിക്കൺസിലിയേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് ഇപ്പോൾ അനുവദിക്കപ്പെട്ട തുകയിൽ എന്തെങ്കിലും വ്യത്യാസം ആവശ്യമെങ്കിൽ 2017-18 ലെ സംരക്ഷണഫണ്ടിന്റെ മൂന്നാമത്തെ ഗഡുവിൽ ഇതിനുവേണ്ട ക്രമീകരണം ചെയ്യുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ ബി**

**ഗവഃ ഡെപ്യൂട്ടി സെക്രട്ടറി**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകൾക്ക്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കമ്മീഷണർ, ഗ്രാമവികസന വകുപ്പ്, തിരുവനന്തപുരം
പഞ്ചായത്തു വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്യു-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ

അനുബന്ധം — I ഗ്രാമ പഞ്ചായത്ത്

| ആസ്തി സംരക്ഷണ ഫണ്ട് | | | | |
|---|---|---|---|---|
| പ്രാദേശിക സർക്കാരുകളുടെ 2016-17 സാമ്പത്തിക വർഷം ട്രഷറിയിൽ സമർപ്പിച്ചതും ക്യൂ സിസ്റ്റത്തിൽ നിലനിൽക്കുന്നതുമായ ബില്ലുകൾ മാറുന്നതിനുള്ള സംരക്ഷണ ഫണ്ട് | | | | |
| നമ്പർ | പ്രാദേശിക സർക്കാർ കോഡ് | പ്രാദേശിക സർക്കാർ | റോഡ് സംരക്ഷണ ഫണ്ട് | റോഡിതര സംരക്ഷണ ഫണ്ട് |
| ചെലവിനത്തിൽ കൊള്ളിക്കേണ്ട ഹെഡ് ഓഫ് അക്കൗണ്ട് | | | 3054-80-198-38-NP | 3604-00-200-87-(05)-NP |
| 1 | G030401 | ഓമല്ലൂർ | 1211897 | 0 |
| 2 | G030502 | റാന്നി | 0 | 343864 |
| 3 | G030503 | റാന്നി അങ്ങാടി | 0 | 24500 |
| 4 | G030601 | കോന്നി | 0 | 127026 |
| 5 | G030605 | വള്ളിക്കോട് | 719564 | 374759 |
| 6 | G030802 | ഏറത്ത് | 295639 | 0 |
| 7 | G030804 | കടമ്പനാട് | 700520 | 0 |
| 8 | G040101 | അരൂക്കുറ്റി | 1088004 | 225671 |
| 9 | G040102 | ചെന്നംപള്ളിപ്പുറം | 530242 | 497197 |
| 10 | G050708 | മണർക്കാട് | 0 | 265234 |
| 11 | G060702 | കുമാരമംഗലം | 30000 | 0 |
| 12 | G081401 | എടത്തിരുത്തി | 0 | 410000 |
| 13 | G080503 | പാണാഞ്ചേരി | 400000 | 0 |
| 14 | G081405 | ശ്രീ നാരായണപുരം | 207000 | 207000 |
| 15 | G081601 | കാട്ടുകുറ്റി | 148654 | 0 |
| 16 | G100907 | കല്പകഞ്ചേരി | 2310551 | 0 |
| 17 | G101203 | താനാളൂർ | 0 | 180000 |
| 18 | G111204 | ഒളവണ്ണ | 1937276 | 699781 |
| | | **ആകെ** | **9579347** | **3355032** |

**അനുബന്ധം – II ബ്ളോക്ക് പഞ്ചായത്ത്**

| ആസ്തി സംരക്ഷണ ഫണ്ട് | | | | |
|---|---|---|---|---|
| പ്രാദേശിക സർക്കാരുകളുടെ 2016-17 സാമ്പത്തിക വർഷം ട്രഷറിയിൽ സമർപ്പിച്ചതും ക്യൂ സിസ്റ്റത്തിൽ നിലനിൽക്കുന്നതുമായ ബില്ലുകൾ മാറുന്നതിനുള്ള സംരക്ഷണ ഫണ്ട് | | | | |
| നമ്പർ | പ്രാദേശിക സർക്കാർ കോഡ് | പ്രാദേശിക സർക്കാർ | റോഡ് സംരക്ഷണ ഫണ്ട് | റോഡിതര സംരക്ഷണ ഫണ്ട് |
| ചെലവിനത്തിൽ കൊള്ളിക്കേണ്ട ഹെഡ് ഓഫ് അക്കാണ്ട് | | | | 3604-00-200-87-(04)-NP- |
| 1 | B081400 | പെരിഞ്ഞനം | 0 | 100000 |
| | | **ആകെ** | **0** | **100000** |

**അനുബന്ധം – III മുനിസിപ്പാലിറ്റികൾ**

| ആസ്തി സംരക്ഷണ ഫണ്ട് | | | | |
|---|---|---|---|---|
| പ്രാദേശിക സർക്കാരുകളുടെ 2016-17 സാമ്പത്തിക വർഷം ട്രഷറിയിൽ സമർപ്പിച്ചതും ക്യൂ സിസ്റ്റത്തിൽ നിലനിൽക്കുന്നതുമായ ബില്ലുകൾ മാറുന്നതിനുള്ള സംരക്ഷണ ഫണ്ട് | | | | |
| നമ്പർ | പ്രാദേശിക സർക്കാർ കോഡ് | പ്രാദേശിക സർക്കാർ | റോഡ് സംരക്ഷണ ഫണ്ട് | റോഡിതര സംരക്ഷണ ഫണ്ട് |
| ചെലവിനത്തിൽ കൊള്ളിക്കേണ്ട ഹെഡ് ഓഫ് അക്കാണ്ട് | | | 3054-80-192-38-NP | 3604-00-200-87-(02)-NP |
| 1 | M050500 | ഏറ്റുമാനൂർ | 0 | 891575 |
| 1 | M100300 | മഞ്ചേരി | 0 | 1494900 |
| | | **ആകെ** | **0** | **2386475** |

സെക്ഷൻ ഓഫീസർ.